മി. സ്പീക്കർ : ചോദ്യം നമ്പർ *213

പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി

3 (*213) ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. സി. പി. മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ടൂറിസം വികസനത്തിനായി "പീപ്പിൾസ് ഓൺ ടൂറിസം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ,

(എ) ടൂറിസം വികസനത്തിനായി "ഗോഡ്സ് ഓൺ കൺട്രി-പീപ്പിൾസ് ഓൺ ടൂറിസം" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഒരു പ്രദേശത്തിന്റെ ടൂറിസം വികസന സാധ്യതകൾ ജനകീയമായി കണ്ടെത്തി റിസോഴ്സ് മാപ്പിംഗ് വഴി അത്തരം പ്രദേശങ്ങളെ പരസ്പരബന്ധിതമായി വളർത്തിക്കൊണ്ടുവരിക; തദ്ദേശ ജനവിഭാഗങ്ങൾക്ക് ടൂറിസം വികസനത്തിന്റെ ഗുണഫലങ്ങൾ ലഭ്യമാകുന്ന വിധത്തിൽ ചെറുതും വലുതുമായ ടൂറിസം സംരംഭങ്ങളെ പ്രാദേശികമായി വികസിപ്പിക്കുക, തദ്ദേശവാസികൾക്ക് ടൂറിസം അനുബന്ധമായ

LIBRARY ARCHIVES Kerala Legislative Assembly

വിവിധ തൊഴിൽ പരിശീലനങ്ങൾ ലഭ്യമാക്കുക; തദ്ദേശീയമായ ഉത്സവങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, പരമ്പരാഗത തൊഴിലുകൾ എന്നിവയ്ക്ക് ഊന്നൽ നൽകി വ്യത്യസ്തവും നൂതനവുമായ ടൂർ പാക്കേജുകൾ വികസിപ്പിക്കുകയും അവ ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുകയും ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ ഘട്ടങ്ങളിലായി ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) പദ്ധതി നടപ്പാക്കുന്നതിനായി കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽ നിന്നായി 112 തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒന്നാംഘട്ടത്തിൽ 5 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം 25 ലക്ഷം രൂപ അനുവദിക്കുകയും പുതുതായി 7 തദ്ദേശഭരണ സ്ഥാപനങ്ങളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പ്രധാന ടൂറിസം കേന്ദ്രങ്ങളിലെല്ലാം ബിസിനസ്സിന്റെ ഭൂരിഭാഗവും വൻകിട ഹോട്ടൽ ശൃംഖലകളാണ് സ്വന്തമാക്കുന്നത്. ചെറുകിട ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കൊന്നും അവിടെ വലിയ സാധ്യതകളില്ല. സഞ്ചാരികളായി എത്തുന്ന പുതിയ ചെറുകിട സംരംഭങ്ങളെ സംശയത്തോടുകൂടിയാണ് അവർ വീക്ഷിക്കുന്നത്. അതിനാൽ ചെറുകിട സംരംഭങ്ങളെ standardize ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ടൂറിസത്തിന്റെ സാധ്യതകളെപ്പറ്റി പറയുമ്പോൾ ഗ്രാമീണ മേഖലയിലുള്ള സാധാരണ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതും തൊഴിൽമാർഗ്ഗം മാറ്റിയെടുക്കുന്നതുമൊക്കെ ഇതിന്റെ ഭാഗമായുണ്ട്. അതുകൊണ്ട് അവരുടേതായ ഉൽപ്പന്നങ്ങൾ പ്രൊമോട്ട് ചെയ്യാനുള്ള നടപടിയും ഇതിന്റെ ഭാഗമായി സർക്കാർ സ്വീകരിക്കുന്നുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly